**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 440** **09.02.2016-ൽ മറുപടിയ്ക്ക്**

# വൈദ്യുതി തകരാർ പരിഹാര നടപടികൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി തകരാറുകൾ പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) വൈദ്യുത സംബന്ധമായ തകരാറുകൾ പരിഹരിക്കുന്നതിനു എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും Break Down maintenance വിഭാഗവും, Capital & Maintenance വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും 24 മണിക്കൂറും വാഹനസൗകര്യവും നിലവിലുണ്ട്. കൂടാതെ വൈദ്യുത സംബന്ധമായ പരാതികൾ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ സ്വീകരിക്കുന്നതിനു പുറമേ കേരളത്തിലുടനീളമുള്ള ഉപഭോക്താക്കൾക്കും 24 മണിക്കൂറും, പരാതി രജിസ്റ്റർ ചെയ്യുന്നതിനും, ഉപഭോക്താവിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി തിരുവനന്തപുരം വൈദ്യുതി ഭവൻ കേന്ദ്രീകരിച്ച് Centralized Customer Care & Call Centre സ്ഥാപിച്ചിട്ടുണ്ട് |
| (ബി) കേടായ ഇലക്ട്രിക് മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് ധാരാളം പരാതികൾ ഓരോ സെക്ഷനിലും കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ കെ. എ സ്. ഇ. ബി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (ബി) കെ.എസ്.ഇ.ബി.യുടെ തനത് ഫണ്ടും കേന്ദ്ര ഫണ്ടും വിനിയോഗിച്ച് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കേടായ വൈദ്യുത മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് പുതിയതായി അനുവദിച്ച DDUGJY, IPDS പദ്ധതികളിൽ ഉൾപ്പെടുത്തി കേടായ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**